ഉത്തരം

(എ) ഉണ്ട്.

(ബി) അന്താരാഷ്ട്ര തലത്തിൽ പ്രവർത്തിക്കുന്ന വേൾഡ് ട്രാവൽ ആന്റ് ടൂറിസം കൗൺസിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2003-ൽ 7,88,600 പേർക്ക് ടൂറിസം രംഗത്ത് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും 2013-ാം ആണ്ട് അകുമ്പോഴേക്കും 2221370 പേർക്ക് ഈ മേഖലയിൽ തൊഴിൽ കൊടുക്കാൻ കഴിയുമെന്നും കണക്കാക്കപ്പെടുന്നു. 2003-ൽ കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 7.7 ശതമാനം ടൂറിസം മേഖലയിൽ നിന്നാണെന്നും 2013 ആകുമ്പോഴേയ്ക്കും ഇത് 10.2 ശതമാനമായി വർദ്ധിക്കുമെന്നും പ്രസ്തുത പഠനം വ്യക്തമാക്കുന്നു.

(സി) ഉണ്ട്. വേൾഡ് ട്രാവൽ ആന്റ് ടൂറിസം കൗൺസിലിന്റെ പഠനപ്രകാരം പതിനായിരത്തിലധികം തൊഴിലവസരങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കപ്പെടുന്നുണ്ട്. 2003 വർഷം വരെ 7,88,600 തൊഴിലവസരങ്ങൾ ഈ മേഖലയിൽ സൃഷ്ടിച്ചിട്ടുണ്ടെന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

(ഡി) ഈ സർക്കാരിന്റെ കാലത്ത് കണ്ടെത്തിയതും ആരംഭിച്ചതുമായ പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്. മെഡിക്കൽ ടൂറിസം, വഴിയോരം പദ്ധതി, ടൗൺ സ്ക്വയറുകളുടെ വികസനം, തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനം, എന്റെ ഗ്രാമം-ടൂറിസം സൗഹൃദ ഗ്രാമം, ഫാം ടൂറിസം, ഇന്റർനാഷണൽ ഹോസ്പിറ്റാലിറ്റി, മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, ബീച്ച് സർക്യൂട്ടിന്റെ വികസനം, ഗുരുവായൂർ പുന്നത്തൂർ കോട്ടയിലെ എലിഫന്റ് പാർക്ക്, വാഗണിൽ ആയുർവേദ റിസോർട്ട്, നെല്ലിയാമ്പതിയിൽ ഹോളിസ്റ്റിക് ഹെൽത്ത് കെയർ റിസോർട്ട് ആന്റ് സ്പൈസ് ഗാർഡൻ.

വിനോദസഞ്ചാരികളെ സ്വീകരിക്കാൻ ടൂറിസ്റ്റ് റിസപ്ഷൻ സെന്ററുകൾ

63(1539) പ്രൊഫ. കെ. വി. തോമസ്:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന് ആവശ്യം വേണ്ട പശ്ചാത്തല വികസനം എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ രംഗങ്ങളിൽ പ്രതീക്ഷയ്ക്കനുസരിച്ചുള്ള വികസനം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തേയ്ക്കുള്ള വിനോദസഞ്ചാരികളുടെ സ്വീകരണത്തിന് എവിടെയെല്ലാം ടൂറിസ്റ്റ് റിസപ്ഷൻ സെന്ററുകൾ തുറന്നിട്ടുണ്ട്?

ഉത്തരം

(എ) നല്ല ഗതാഗത സൗകര്യം, താമസസൗകര്യം, റെസ്റ്റോറന്റുകൾ, ശുദ്ധ ജലം, ഇലക്ട്രിസിറ്റി, കമ്മ്യൂണിക്കേഷൻ സൗകര്യങ്ങൾ, ഇൻഫർമേഷൻ സെന്ററു കൾ, ഗുണമേന്മയുള്ള ടോയ്ലറ്റ് സൗകര്യമുൾപ്പെടെയുള്ള ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററുകൾ, സൈനേജ്, ലൈറ്റിംഗ് തുടങ്ങിയവയാണ് വിനോദസഞ്ചാര വികസന ത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ.

(ബി) ഉണ്ട്.

(സി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

വഴിയോര പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന നിക്ഷേപം

64(1540) ശ്രീ. കെ. നാരായണക്കുറുപ്പ്:

ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോ ദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിയോരം പദ്ധതി ഏതുഘട്ടംവരെയായി എന്നറിയിക്കാമോ;

(ബി) ഈ പദ്ധതിയിൽ എത്ര സംരംഭകരെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ എത്ര കോടി രൂപയുടെ നിക്ഷേപമാണ് സർക്കാർ ലക്ഷ്യമിടുന്നത്;

(ഡി) ഇതിലൂടെ എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ, ബി) വഴിയോര പദ്ധതിയുടെ ആദ്യഘട്ടമായി 121 സംരംഭകരെ വകുപ്പ് തെരഞ്ഞെടുക്കുകയുണ്ടായി.

(സി) ആകെ 250-ഓളം വഴിയോര യൂണിറ്റുകളാണ് വകുപ്പ് വിഭാവനം ചെയ്യുന്നത്. ഇതുവഴി ഏകദേശം 50 കോടിയോളം രൂപയുടെ സ്വകാര്യ നിക്ഷേപ മാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

---

† അനുബന്ധം - XII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 63(1539) കാണുക]

താഴെപ്പറയുന്ന സ്ഥലങ്ങളിൽ റിസപ്ഷൻ/ഇൻഫർമേഷൻ സെന്റർ എന്നിവ പ്രവർത്തിക്കുന്നുണ്ട്

1. ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, കോവളം
2. ടൂറിസം ഡയറക്ടറേറ്റ്
3. സെൻട്രൽ റെയിൽവേ സ്റ്റേഷൻ, തിരുവനന്തപുരം
4. സെൻട്രൽ ബസ്സ് സ്റ്റേഷൻ, തിരുവനന്തപുരം
5. ഇന്റർനാഷണൽ എയർപോർട്ട്, തിരുവനന്തപുരം
6. ഡൊമസ്റ്റിക് എയർപോർട്ട്, തിരുവനന്തപുരം
7. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, വർക്കല
8. ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, വർക്കല റെയിൽവേ സ്റ്റേഷൻ, വർക്കല
9. ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസ്, പത്തനംതിട്ട
10. ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ
11. ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, റെയിൽവേ സ്റ്റേഷൻ, ആലപ്പുഴ
12. ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസ്, കുമളി
13. ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസ്, എറണാകുളം
14. ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസ്, മട്ടാഞ്ചേരി
15. ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസ്, ഇന്റർനാഷണൽ എയർപോർട്ട്, നെടുമ്പാശ്ശേരി
16. ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, സെൻട്രൽ റെയിൽവേ സ്റ്റേഷൻ, കോഴിക്കോട്
17. ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, ഇന്റർനാഷണൽ എയർപോർട്ട്, കോഴിക്കോട്
18. ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, കൽപ്പറ്റ, വയനാട്
19. ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, കണ്ണൂർ
20. ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, കാസർഗോഡ്

LIBRARY ARCHIVES Kerala Legislative Assembly